**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1648** **02-02-2024 - ൽ മറുപടിയ്ക്ക്**

**കുറുന്തോട്ടി വനം, തുളസി വനം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ തീരദേശ മണ്ണ് കുറുന്തോട്ടി, തുളസി എന്നിവയുടെ വളർച്ചയ്ക്ക് വളരെ അനുയോജ്യമാണെന്ന് ഈയിടെ മതിലകം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ കുറുന്തോട്ടി വനം, തുളസി വനം പദ്ധതികൾ തെളിയിച്ചിട്ടുള്ള സാഹചര്യത്തിൽ, മറ്റു പഞ്ചായത്തുകളിലേക്ക് കൂടി പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതി / തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതി എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ സമന്വയിപ്പിച്ച് കൊണ്ടാണ് കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കുറുന്തോട്ടി വനം, തുളസി വനം പദ്ധതികൾ കൃഷി വകുപ്പ് നടപ്പാക്കിയത്. കൂടാതെ MNREGS പദ്ധതിയുടെ ആനുകൂല്യങ്ങളും ലഭ്യമാക്കിയിരുന്നു.<br><br>ഈ സാമ്പത്തിക വർഷത്തിൽ ഔഷധസസ്യ വികസന പദ്ധതിയിൻ കീഴിൽ Cluster based cultivation of Medicinal plant എന്ന ഘടകത്തിൽ 40-50 കർഷകരുടെ ഗ്രൂപ്പുകൾക്ക് ഒരു ഹെക്ടറിന് 1.25 ലക്ഷം രൂപ സബ്സിഡി നൽകി വരുന്നു. പ്രസ്തുത ഘടകത്തിൽ സംസ്ഥാനത്ത് ആകെ 65 ഹെക്ടറിന് 81.25 ലക്ഷം രൂപയും ആയതിൽ തൃശ്ശൂർ ജില്ലയ്ക്ക് 8.75 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുറുന്തോട്ടി വനം, തുളസി വനം പദ്ധതികൾ തൃശ്ശൂർ ജില്ലയിലെ മറ്റു പഞ്ചായത്തുകളിൽകൂടി നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ